പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 5141

05-07-2012-ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി. വഴി സബ് സിഡി നിരക്കിൽ സോളാർ വാട്ടർ ഹീറ്ററുകളും സോളാർ ലൈറ്റുകളും നൽകുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം. | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |
| (എ) വൈദ്യുതി ലാഭിക്കുന്നതിന്റെ ഭാഗമായി, സാധാരണബൾബുകൾക്കു പകരം, സി.എഫ് ലാമ്പുകൾ ഉപയോഗിക്കുന്നതിനുളള പദ്ധതി കെ.എസ്.ഇ.ബി മുഖേന നടപ്പിലാക്കിയതിലൂടെ വൈദ്യുതി എത്രമാത്രം ലാഭിക്കാൻ കഴിഞ്ഞു എന്നു കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) വൈദ്യുതി ലാഭിക്കുന്നതിന്റെ ഭാഗമായി, സാധാരണ ബൾബുകൾക്കു പകരം സി.എഫ്. ലാമ്പുകൾ ഉപയോഗിക്കുന്നതിനുള്ള താഴെപ്പറയുന്ന പദ്ധതികൾ കെ.എസ്.ഇ.ബി. മുഖേന നടപ്പിലാക്കിയിട്ടുണ്ട്.<br>**1. ദശലക്ഷം സി.എഫ്.എൽ. പദ്ധതി**<br>ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ തെരഞ്ഞെടുത്ത SC/ST/BPL കുടുംബങ്ങൾക്ക് 60 W സാധാരണ ബൾബിന് പകരമായി 14 W ന്റെ ഒരു CFL വീതം 10 ലക്ഷം കുടുംബങ്ങൾക്ക് 2009-10 കാലയളവിൽ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. ഇത് വഴി പീക്ക് സമയത്തെ വൈദ്യുതി ആവശ്യകതയിൽ 60 MW ന്റെയും, ഉപഭോഗത്തിൽ പ്രതിദിനം 0.25 മില്യൺ യൂണിറ്റിന്റെയും ഉപഭോഗകുറവ് വന്നിട്ടുണ്ടെന്ന് കണക്കാക്കുന്നു. |

## 2. ബജത്ത് ലാമ്പ് യോജന പദ്ധതി

ഈ പദ്ധതി പ്രകാരം 60 W ന്റെ രണ്ട് സാധാരണ ബൾബുകൾക്ക് പകരമായി രണ്ട് 14W സി.എഫ്. ലാമ്പുകൾ 15 രൂപാ നിരക്കിൽ, 64 ലക്ഷം ഗാർഹിക ഉപഭോക്താക്കൾക്ക് (1.28 കോടി സി.എഫ്. എൽ.) 2010-11 കാലയളവിൽ വിതരണം ചെയ്തിട്ടുണ്ട് . ഈ പദ്ധതിയിലൂടെ 300 മെഗാവാട്ട് വൈദ്യുതി ലാഭിക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) വൈദ്യുതി ലാഭിക്കുന്നതിന്റെ ഭാഗമായി സോളാർ വാട്ടർ ഹീറ്ററുകളും സോളാർ ലൈറ്റുകളും പകുതി വിലക്കോ പരമാവധി 50% വരെ സബ്സിഡിയിലോ കെ.എസ്.ഇ.ബി മുഖേന ഉപഭോക്താക്കൾക്ക് നൽകുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി) KSEB മുഖേന സോളാർ വാട്ടർ ഹീറ്ററുകളും സോളാർ ലൈറ്റുകളും സബ്സിഡി നിരക്കിൽ ഉപഭോക്താക്കൾക്ക് നൽകാൻ പദ്ധതി ഇല്ല. എന്നാൽ അനർട്ട് മുഖേന 2011-12 സാമ്പത്തിക വർഷം 5,000 സ്ക്വയർ മീറ്റർ വിസ്തൃതിയുള്ള സോളാർ വാട്ടർ ഹീറ്റിംഗ് സംവിധാനങ്ങൾ ETC Model ( Evacuated Tube collector) , FPC Model ( Flat Plate Collector) എന്നിവ യഥാക്രമം സ്ക്വയർ മീറ്ററിന് 6,000 രൂപ 6,300 രൂപ ക്രമത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടുകൂടി നടപ്പിലാക്കി കഴിഞ്ഞു.

2012-13 സാമ്പത്തിക വർഷം 15,500 സ്ക്വയർ മീറ്റർ വിസ്തൃതിയുള്ള സോളാർ വാട്ടർ ഹീറ്റർ സംവിധാനങ്ങളാണ് കേന്ദ്ര സംസ്ഥാന സർക്കാരിൻെറ സബ്സിഡിയോടുകൂടി സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ.